(സി) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പേര്	ജില്ലാ സഹകരണ ബാങ്ക് ശാഖ
1	തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	8
2	കൊല്ലം ജില്ലാ സഹകരണ ബാങ്ക്	10
3	പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്	4
4	ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്	2
5	കോട്ടയം ജില്ലാ സഹകരണ ബാങ്ക്	1
6	ഇടുക്കി ജില്ലാ സഹകരണ ബാങ്ക്	6
7	എറണാകുളം ജില്ലാ സഹകരണ ബാങ്ക്	5
8	തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	2
9	പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	1
10	മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	5
11	കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	2
12	വയനാട് ജില്ലാ സഹകരണ ബാങ്ക്	4
13	കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്	4
14	കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്	2
	ആകെ	56

(ഡി) ജില്ലാ സഹകരണ ബാങ്കുകളിൽ ആകെ 1567 പേർക്ക് പുതുതായി നിയമനം ലഭിച്ചിട്ടുണ്ട്.

(ഇ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നാണ് നിയമനം നൽകിയിട്ടുള്ളത്. സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്കും നിയമനം നൽകിയിട്ടുണ്ട്.

പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ

188 [1501] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും സഹകരണ അർബൻ ബാങ്കുകളും ജില്ലാ സഹകരണ ബാങ്ക് ശാഖകളും ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം പുതിയ ബാങ്കുകളും ശാഖകളും ആരംഭിക്കുവാൻ സഹകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സമീപം മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ പുതിയ സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്ക് ശാഖകളും ആരംഭിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരമുള്ള നടപടികൾ ഒഴിവാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അർബൻ സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. ജില്ലാ സഹകരണ ബാങ്കുകൾ മൊത്തം 56 ശാഖകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) കേരള സഹകരണ നിയമം വകുപ്പ് 2 (ഐ)-ക്ക് അനുസൃതമായി കേരള സഹകരണ നിയമം 4 മുതൽ 7 വരെയുള്ള വകുപ്പുകൾക്ക് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ രജിസ്റ്റർ ചെയ്തുനൽകുന്നത്. അർബൻ സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതികൂടി പരിഗണിക്കാറുണ്ട്.

രജിസ്ട്രാറുടെ 17/81 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി അതത് ജില്ലാ ബാങ്ക് ജനറൽ മാനേജരും ജോയിന്റ് രജിസ്ട്രാറുംകൂടി തയ്യാറാക്കുന്ന ജോയിന്റ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുവാൻ അനുമതി നൽകുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ബാങ്കുകളും ശാഖകളും ആരംഭിക്കുമ്പോൾ ഇത് സംബന്ധിച്ച് ലഭിക്കുന്ന ന്യായമായ പരാതികൾ പരിശോധിച്ചിട്ടാണ് അനുമതി നൽകാറുള്ളത്.

(ഡി) ന്യായമായ പരാതികളിന്മേൽ നിർദ്ദേശം നൽകുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിരിഞ്ഞുകിട്ടിയ തുക

189 [508] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശിക ഇനത്തിൽ ഇതുവരെ പിരിഞ്ഞുകിട്ടിയ വായ്പ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

1-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 188 (1501) കാണുക.

ജില്ല തിരിച്ചുള്ള പട്ടിക

ക്രമ നമ്പർ	ജില്ല	പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക്	അർബൻ സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്ക് ശാഖ
1	തിരുവനന്തപുരം	1	..	8
2	കൊല്ലം	2	..	10
3	പത്തനംതിട്ട	..	..	4
4	ആലപ്പുഴ	..	..	2
5	കോട്ടയം	..	..	1
6	ഇടുക്കി	..	..	6
7	എറണാകുളം	1	..	5
8	തൃശ്ശൂർ	2	..	2
9	പാലക്കാട്	1	..	1
10	മലപ്പുറം	..	..	5
11	കോഴിക്കോട്	1	..	2
12	വയനാട്	2	..	4
13	കണ്ണൂർ	..	..	4
14	കാസർഗോഡ്	..	..	2
	ആകെ	10	..	56

LIBRARY ARCHIVES Kerala Legislative Assembly